**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** **06-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമല വികസനത്തിന് അനുവദിച്ച കേന്ദ്ര ഫണ്ടിന്റെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ശബരിമല വികസനത്തിനായി 100 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിരുന്നോ എന്ന് വിശദമാക്കാമോ; | (എ) | ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ടൂറിസം വകുപ്പ് ഡയറക്ടർ മുഖേന ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്ക് 99.98 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. |
| (ബി) | ആയതിൽ നാളിതുവരെ 20 കോടി രൂപയുടെ പദ്ധതിക്ക് മാത്രമാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി അനുമതി വാങ്ങിയത് എന്നത് വസ്തുതയാണോ; വിശദമാക്കാമോ; | (ബി) | അനുവദിച്ച തുകയിൽ നിന്ന് ആർക്കിടെക്ച്വറൽ കൺസൾട്ടൻസി ഫീസ് കഴിച്ചുള്ള തുകയുടെ 20% ആദ്യ ഗഡുവായി താഴെ പ്പറയുന്ന പദ്ധതികളിലെ വിവിധ ഇനങ്ങൾ നടപ്പിലാക്കുവാനായി ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിക്ക് നൽകിയിരുന്നു.<br><br>1) ശബരിമല വികസനം - ശബരിമല- എരുമേലി - പമ്പ - സന്നിധാനം :- **19,61,69,400/-**<br><br>(പത്തൊൻപത് കോടി അറുപത്തിയൊന്ന് ലക്ഷത്തി അറുപത്തിഒൻപതിനായിരത്തി നാന്നൂറ് രൂപ മാത്രം)<br><br>2) ശ്രീ പത്മനാഭസ്വാമി - ആറന്മുള - ശബരിമല :- **1,23,60,000/-**<br><br>(ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)<br><br>ആകെ :- **20,85,29,400/-**<br><br>(ഇരുപത് കോടി എൺപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിഒൻപതിനായിരത്തി നാന്നൂറ് രൂപ മാത്രം)<br><br>ടി 20.85 കോടി രൂപയും ചെലവഴിക്കുകയും ആയതിന്റെ ഉപയോഗ സാക്ഷ്യപത്രം (Utilization Certificate) ടൂറിസം വകുപ്പ് ഡയറക്ടർക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 12.35 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തികരിച്ച് കഴിഞ്ഞു. 3.94 കോടി രൂപയുടെ പ്രവൃത്തികൾ രണ്ട് മാസത്തിനകം പൂർത്തിയാകും. |
| (സി) | പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ശേഷിക്കുന്ന തുക നഷ്ടമാകാതിരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെയെല്ലാം വിശദമായ പദ്ധതി രേഖയും അടങ്കലും തയ്യാറാക്കിയത് കേന്ദ്ര ടൂറിസം മന്ത്രാലയം നിയോഗിച്ച രഘുരാമൻ അസോസിയേറ്റ്സ്, ചെന്നൈ ആണ്. ശബരിമല പോലെയുള്ള ഒരു വന പ്രദേശത്തിലെ ഭൂമിയുടെ കിടപ്പും ഘടനയും  നോക്കാതെയാണ് പ്രസ്തുത ആർക്കിടെക്റ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത്. ലഭിച്ചിട്ടുള്ള പദ്ധതി രേഖയും അടങ്കലും (DPR & Cost Estimate) വച്ച് മുൻഗണനാക്രമത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്കുകൾ ചെയ്യുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചപ്പോൾ പല വർക്കുകളും ചെയ്യാൻ കഴിയാത്ത സ്ഥിതി വന്നു. വനം വകുപ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വിട്ടുനൽകാത്ത സ്ഥലത്തും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പദ്ധതി രേഖയും അടങ്കലും തയ്യാറാക്കിയിരുന്നത് കാണുവാൻ കഴിഞ്ഞു.<br><br>ടൂറിസം വകുപ്പ് സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകിയ കേന്ദ്ര ഫണ്ട് പാഴാകാതിരിക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനീയർമാർ ടി ആർക്കിടെക്റ്റിന്റെ അനുമതിയോടെ തയ്യാറാക്കിയ അടങ്കൽ ഉപയോഗിച്ചാണ് പല വർക്കുകളും നടത്തി വന്നിരുന്നത്. ശബരിമലയുമായി ബന്ധപ്പെട്ട വനം വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി കൂടിയാലോചിക്കാതെ കേന്ദ്ര ടൂറിസം ആർക്കിടെക്റ്റ് തയ്യാറാക്കിയ പദ്ധതി രേഖയും അടങ്കലും (DPR & Cost Estimate) കാരണമാണ് കാലവധിക്കു മുമ്പ് പദ്ധതികൾ പൂർത്തിയാക്കുവാൻ കഴിയാതെ പോയത്. അനുവദിച്ച കേന്ദ്ര ഫണ്ട് പാഴാകാതിരിക്കുവാൻ പരമാവധി പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങൾ ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിയുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേയും ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര ടൂറിസം മന്ത്രാലയം (സ്വദേശ് ദർശൻ ഡിവിഷൻ) കേന്ദ്ര ടൂറിസം പദ്ധതികളുടെ തുക 99.98 കോടിയിൽ നിന്നും 54.88 കോടി രൂപയായി കുറച്ച് 19/10/2022-ൽ പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ പുതുക്കിയ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി പ്രകാരമുള്ള 75.01% നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുമായി മുന്നോട്ട് പോകുവാൻ കേന്ദ്ര ടൂറിസം ടൂറിസം മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ